പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **4690** **27. 06. 2014-** ലെ മറുപടി

<u>ഇറാഖിലെ മലയാളികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഇറാഖിൽ എത്ര മലയാളികൾ തൊഴിലെടുക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ; | (എ) 2013 – ലെ സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് നടത്തിയ സർവ്വേ പ്രകാരം 763 പേർ ഇറാഖിൽ തൊഴിലെടുക്കുന്നുണ്ട്. |
| (ബി) ഇറാഖിലെ ആഭ്യന്തര കലാപത്തിൽപ്പെട്ട് കുടുങ്ങിയ മലയാളികളെ നാട്ടിൽ എത്തിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) ഇറാഖിലെ ആഭ്യന്തര പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ ബാഗ്ദാദിലെ ഇന്ത്യൻ എംബസ്സിയുമായി ബന്ധപ്പെട്ട് സ്ഥിതി ഗതികൾ വിലയിരുത്തി തുടർ നടപടികൾ എന്ന നിലയിൽ 24 മണിക്കൂറും സജീവമായ ഹെൽപ് ലൈൻ സംവിധാനം നോർക്ക-റൂട്ട്സിൽ ഏർപ്പെടുത്തുകയും ഇതിൽ നാട്ടിലുള്ള കുടുംബാംഗങ്ങൾ ഉൾപ്പടെ 204 പേർ ഇതു വരെ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇറാഖിൽ കുടുങ്ങിയതായി വിവരം ലഭ്യമായ എല്ലാ പേരുമായും ബന്ധപ്പെട്ടുവരുന്നുണ്ട്. ഇവരെ നാട്ടിലെത്തിക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും കേന്ദ്ര സർക്കാരിന്റെ അടിയന്തിര ഇടപെടൽ ഉണ്ടാകണമെന്നും ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇവരെ സുരക്ഷിതരായി തിരികെ നാട്ടിലെത്തിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും എംബസ്സിയുമായി ചേർന്ന് സ്വീകരിച്ചു വരികയാണ്. |

| | |
|---|---|
| (സി) ഇറാഖിലെ ആഭ്യന്തര കലാപത്തിൽപ്പെട്ട് മലയാളികൾക്ക് പരിക്കേറ്റതായോ മരണപ്പെട്ടതായോ വിവര<br>ങ്ങൾ സർക്കാർ ശേഖരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (സി) ഇറാഖിലെ കലാപത്തിൽപ്പെട്ട് മലയാളികളാരും മരണപ്പെട്ടതായോ, പരുക്കേറ്റതായോ ഉള്ള വിവരങ്ങൾ ലഭിച്ചിട്ടില്ല. |
| (ഡി) ഇറാഖിൽ കുടുങ്ങിയ മലയാളികളെ നാട്ടിലെത്തിക്കാൻ സർക്കാർ എന്തെങ്കിലും തുക നീക്കിവച്ചിട്ടു ണ്ടോ; വിശദമാക്കാമോ ? | (ഡി) വിദേശരാജ്യങ്ങളിലെ പ്രവാസി മലയാളികളെ പ്രത്യേക സാഹചര്യങ്ങളിൽ അടിയന്തിരമായി നാട്ടിലെത്തിക്കുന്നതിനായി എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട് എന്ന ഒരു പദ്ധതി നിലവിലുണ്ട്. ഇതിനായി നടപ്പുവർഷം 20 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

/s